**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2952** **28-02-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മുൻസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതിയുടെ ആധുനികീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മുൻസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതിയുടെ ആധുനികീകരണത്തിനും ശേഷി വർദ്ധിപ്പിക്കലിനുമായി കിഫ്ബി മുഖേന എത്ര രൂപയുടെ പദ്ധതിയ്ക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്; ആയതിന്റെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | **ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 1 മുതൽ4, 20 മുതൽ 26, 30 മുതൽ 44, 46 മുതൽ 52 വരെയുള്ള വാർഡുകളിലെയും സമീപ പഞ്ചായത്തുകളായ ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനും വേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 184 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് 211.71 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി കിഫ്ബി മുഖാന്തിരം നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെയും ഫണ്ടിംഗ് അനുമതിയുടെയും പകർപ്പ് അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിട്ടുണ്ട്.** |
| (ബി) | പദ്ധതിയുടെ എസ്.പി.വി. ആരാണെന്നും എന്തൊക്കെ പദ്ധതികളാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കുമോ; അതിൽ ഏതൊക്കെ പദ്ധതികളാണ് അമ്പലപ്പുഴ മണ്ഡല പരിധിയിൽ വരുന്നതെന്നും ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് ചെലവഴിക്കുകയെന്നും വ്യക്തമാക്കുമോ; | (ബി) | **പദ്ധതിയുടെ എസ്.പി.വി കേരള വാട്ടർ അതോറിറ്റിയാണ്.**<br><br>**ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 1 മുതൽ 4, 20 മുതൽ 26, 30 മുതൽ 44, 46 മുതൽ 52 വരെയുള്ള വാർഡുകളിൽ ജലവിതരണ ശൃംഖല സ്ഥാപിക്കലും (397 കി.മി), ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ചാത്തനാട് 16 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും, 5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും, വടികാട് 16 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും, ചുട്ടകാട് (16 ലക്ഷം ലിറ്റർ), ചന്ദനക്കാവ് (12 ലക്ഷം ലിറ്റർ), വഴിച്ചേരി (6 ലക്ഷം ലിറ്റർ) ഉന്നതതല ജല സംഭരണികളും, ആര്യാട് പഞ്ചായത്തിൽ (9 ലക്ഷം ലിറ്റർ) ഉന്നതതല ജല സംഭരണിയും, 19 കി.മി വിതരണ ശൃംഖലയും, മണ്ണഞ്ചേരി പഞ്ചായത്തിൽ (12 ലക്ഷം ലിറ്റർ) സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും 3 ലക്ഷം ലിറ്റർ** |

| | | | |
|---|---|---|---|
| | | | **സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും 103 കി.മി വിതരണ ശൃംഖലയും, മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ 12 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണി, ഇതിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (2.6 കി.മീ.), 101 കി.മി വിതരണ ശൃംഖലയും അനുബന്ധ മോട്ടോറുകളും പമ്പുകളും, കൂടാതെ ഓപ്പറേറ്റർമാർക്കുള്ള ക്വാർട്ടേഴ്സും, കലവൂർ സർവ്വോദയപുരം ഭാഗത്തെ റെയിൽവേ ക്രോസ്സിംഗും ആണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.**<br><br>**ഇതിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികൾ:**<br><br>1. **പാക്കേജ് 2- ചുടുകാട് 16 ലക്ഷം ലിറ്ററും, ചന്ദനക്കാവ് 12 ലക്ഷം ലിറ്ററും സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണികളുടെ നിർമ്മാണം - അടങ്കൽ തുക 12.41 കോടി രൂപ.**<br>2. **പാക്കേജ് 4-ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 25, 30, 31, 32, 33, 34, 36, 37, 38, 39, 40, 41, 42, 43, 44 എന്നീ വാർഡുകളിലെ വിതരണ ശൃംഖലയും (172 കി.മി), റെയിൽവേ ക്രോസ്സിംഗും- ഇതിന്റെ എസ്റ്റിമേറ്റ് തുക 120.62 കോടി രൂപ ആണ്.** |
| (സി) | പ്രസ്തുത മണ്ഡലത്തിലെ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കേണ്ടതെന്നും നാളിതുവരെ ഏതൊക്കെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയുടെയും എത്ര ശതമാനമാണ് ആരംഭിക്കാൻ കഴിഞ്ഞതെന്നും അറിയിക്കുമോ; | (സി) | **പ്രസ്തുത പ്രവർത്തികൾ 31.05.2023 ൽ പൂർത്തീകരിക്കേണ്ടതാണ്. ഈ പ്രവർത്തികളിൽ പാക്കേജ് 2 റീ ടെണ്ടർ ചെയ്തിരിക്കുകയാണ്. പാക്കേജ്-4 ടെണ്ടർ ചെയ്യുന്നതിന് അധിക തുകയുള്ള അനുമതി കിഫ്ബി മുഖാന്തിരം ലഭ്യമാക്കേണ്ടതുണ്ട്.** |
| (ഡി) | പ്രസ്തുത മണ്ഡലത്തിലുൾപ്പെടുന്ന പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ ഉണ്ടായ കാലതാമസത്തിന് കാരണം വിശദമാക്കുമോ; | (ഡി) | **പാക്കേജ്-2:-നിർമ്മാണ പ്രവർത്തികൾക്ക് 18.01.2021-ൽ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ 23.03.2021 വരെ ദീർഘിപ്പിക്കുകയും തുടർന്നും ആരും പങ്കെടുക്കാത്തതിനാൽ ടെണ്ടർ റദ്ദ് ചെയ്തു. തുടർന്ന് 21.04.2021 ൽ റീ ടെണ്ടർ ചെയ്യുകയും പ്രസ്തുത ടെണ്ടറിൽ ഒരാൾ മാത്രം പങ്കെടുക്കുകയും ചെയ്തു. 36% കൂടുതൽ തുകയിൽ ക്വാട്ട് ചെയ്തതിനാലും കരാറുകാരൻ നെഗോഷിയേഷൻ വിസ്സമ്മതിച്ചിരുന്നതിനാൽ പ്രസ്തുത ടെണ്ടർ റദ്ദ് ചെയ്യുകയായിരുന്നു. തുടർന്ന് 26.11.2021ൽ വീണ്ടും ദർഘാസ് ക്ഷണിച്ചിരുന്നെങ്കിലും ദർഘാസിൽ പങ്കെടുത്ത മൂന്നു പേരിൽ രണ്ടു പേരുടേയും ടെക്നിക്കൽ പ്രീക്വാളിഫിക്കേഷൻ തൃപ്തികരമല്ലാതിരുന്നതിനാൽ** |

| | | | |
|---|---|---|---|
| | | | **ഈ ടെണ്ടറും റദ്ദാക്കുകയായിരുന്നു. തുടർന്ന് 28.05.2022 ൽ വീണ്ടും ദർഘാസ് ക്ഷണിച്ചിരുന്നു. ഈ ദർഘാസ്സിലും ആരും തന്നെ പങ്കെടുത്തിരുന്നില്ല. എസ്റ്റിമേറ്റ് PRICE 3.0 ൽ തയ്യാറാക്കുകയും 01.11.2022-ൽ റീടെണ്ടർ ചെയ്തെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. നിലവിൽ 07.03.2023 അവസാന തീയതിയായി പ്രഖ്യാപിച്ച് 12.02.2023-ൽ റീടെണ്ടർ ചെയ്തിട്ടുണ്ട്.**<br><br>**പാക്കേജ് 4:- പാക്കേജ് 4 ന്റെ പ്രവൃത്തിക്കുള്ള തുക പദ്ധതിയുടെ ഫണ്ടിംഗ് അനുമതി തുകയേക്കാൾ അധികരിച്ചു വന്നതിനാൽ പ്രവൃത്തി ഇതുവരെ ടെണ്ടർ ചെയ്തിട്ടില്ല.** |
| (ഇ) | ഈ പദ്ധതിയുടെ ഭരണാനുമതി പുതുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പുതുക്കിയ പദ്ധതി പ്രകാരം എത്ര കോടി രൂപയാണ് ഇതിന് അധികമായി വേണ്ടി വരികയെന്നും ആയതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും അറിയിക്കുമോ? | (ഇ) | **പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് GST കൂടിയതിനാലും DSR 2018 Rate revision വന്നതിനാലും LSGD റോഡ് റിസ്റ്റൊറേഷൻ ഉൾപ്പെടുത്തിയതിനാലും ഫണ്ടിംഗ് അനുമതി തുകയേക്കാൾ 87.6 കോടി രൂപ അധികം വേണ്ടതിനാൽ പുതുക്കിയ ഫണ്ടിംഗ് അനുമതിയ്ക്കായി കിഫ്ബിയിലേക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ഇത് കിഫ്ബിയുടെ പരിഗണനയിലാണ്.** |

സെക്ഷൻ ഓഫീസർ

S order

അനുബന്ധം - 1

Draft #1 of File KWA/JB/PIU2/AEE4/LA/16 (2952)/2023 Approved by Chief Engineer (Projects and Operations) on 24-Feb-2023 05:02 PM - Page 2

GOVERNMENT OF KERALA

Abstract

Water Resources Department - Kerala Water Authority - Projects announced in Budget Speech 2018-19 under Kerala Infrastructure Investment Fund Board (KIIFB) - In-principle sanction accorded - Orders issued.

============================================================

WATER RESOURCES (WATER SUPPLY – C) DEPARTMENT

G.O.(Rt)No.707/2018/WRD Dated, Thiruvananthapuram, 02.10.2018

============================================================

Read :- Letter No.KWA/JB/P-I/1045/2017-18 PART -I dated 20.03.2018 from the Managing Director, Kerala Water Authority.

ORDER

In Para 172 of the Budget Speech 2018-19, it has been declared that out of Rs.3776 Crore investment from KIIFB, an amount to the tune of Rs.1000 Crore is earmarked for the renovation of the supply chain network of existing schemes and this includes Alappuzha drinking water scheme also. The Managing Director, Kerala Water Authority, as per letter read above has requested to accord administrative sanction under KIIFB, for the project "Augmentation and Modernization of Water Supply Distribution System in Alappuzha Municipality – Balance Works" amounting to Rs.184 Crore for sourcing funds from KIIFB for implementation.

2. Government have examined the matter and are pleased to accord in-principle sanction for the project "Augmentation and Modernization of Water Supply Distribution System in Alappuzha Municipality – Balance Works" amounting to Rs.184 Crore (Rupees One Hundred and Eighty Four Crore), for sourcing funds from KIIFB.

(By Order of the Governor),
TINKU BISWAL
Secretary to Government.

To

The Kerala Infrastructure Investment Fund Board (KIIFB)
✓The Managing Director, Kerala Water Authority, Thiruvananthapuram.
The Planning and Economic Affairs Department / The Finance Department.
The Principal Accountant General (Audit / A&E), Kerala,Thiruvananthapuram
The Information Officer, Web and New Media, I&PRD.
S.F.

AE2
11/10/18

Forwarded/By Order,
Renuka Sankar
Section Officer.

Scanned by CamScanner

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

**PROCEEDINGS OF THE CHIEF EXECUTIVE OFFICER**

**KERALA INFRASTRUCTURE INVESTMENT FUND BOARD,**

**THIRUVANANTHAPURAM**

**Present : Dr. K. M. Abraham CFA**

**ORDER NO : WRD004-01/APR-6/2019/KIIFB Dated:25-06-2019**

**Sub:** KIIFB Project: Tranche 13: WRD004-01- Augmentation & modernization of water supply distribution system in Alappuzha municipality – Aryad, Mannancherry & Mararikulam South Panchayaths Balance Works - Approval and Sanction of funding – Orders Issued.

**Read:** 1. G.O.(Rt)No. 707/2018/WRD Dated 02.10.2018

2. Minutes of the 36th Board Meeting of KIIF held on 04/06/2019

In the Budget Speech 2018-19, Government have announced '**Alappuzha Drinking Water Scheme**' as a project under KIIFB funding and as per the Government Order read above, Administrative Sanction have been accorded for the project '**Augmentation & modernization of water supply distribution system in Alappuzha municipality – Balance Works**' for an amount of Rs.184 Crore.

The Detailed Project Report in respect of '**Augmentation & modernization of water supply distribution system in Alappuzha municipality – Aryad, Mannancherry & Mararikulam South Panchayaths Balance Works**', subsequently submitted by Kerala Water Authority (KWA) was verified for adherence to KIIF stipulations and appraised for compliance, as per GO(Ms) No.315/16/Fin dated 08.08.2016 and found that the projects have satisfied all the technical and financial parameters insisted upon by KIIFB.

The 36th Board meeting of KIIF that met on 4th June 2019, after considering the proposal and the appraisal report, approved the project. Accordingly, sanction is accorded for funding the project **Tranche 13: WRD004-01: Augmentation & modernization of water supply distribution system in Alappuzha municipality – Aryad, Mannancherry & Mararikulam South Panchayaths Balance Works** approved vide Government Order read above, to be implemented by Kerala Water Authority (KWA), limiting the total outlay to **Rs. 211.709 Crore (Rupees Two Hundred Eleven Crore and Seventy Lakh and Nine Thousand only)**, against the proposed cost of Rs.211.81 Crore with the following stipulations:

1. The tripartite agreement, as per KIIFB stipulations shall be entered into, after which Technical sanction shall be mandatorily issued by the TS authority. The Technical sanction by competent authority is mandatory before the schedules are added to the Tripartite agreement and also before initiating tender procedures.
2. The Technical Sanction shall be issued by the competent authority by ensuring the reasonableness of the rates adopted in the estimate by comparing with the

Draft #1 of File KWA/JB/PIU2/AEE4/LA/16 (2952)/2023 Approved by Chief Engineer (Projects and Operations) on 24-Feb-2023 05:02 PM - Page 3

Draft #1 of File KWA/JB/PIU2/AEE4/LA/16 (2952)/2023 Approved by Chief Engineer (Projects and Operations) on 24-Feb-2023 05:02 PM - Page 4

rates of equivalent items in PRICE. The detailed estimate shall also be checked against the designs, drawings and network diagrams developed for each project. Documentary evidence of these actions shall be communicated to KIIFB prior to acceptance of tenders.

3. The detailed estimate submitted shall be reviewed by the TS authority considering the applicability and the relevance of Cost Index and adherence to the latest PRICE schedule. (GST shall be applicable as per the prevailing norms and conditions.)
4. The cost provisions for work alone shall be utilized for execution of work. The savings or anticipated savings from LA, QC, demolition etc. shall not be re appropriated for meeting expenditure of work proper.
5. Source reliability shall be ensured by the concerned authority before issuing the Technical Sanction.
6. The guidelines issued in G.O(Ms) No.444/2018/Fin dated 26.11.2018 shall be followed.
7. In the wake of the recent severe flood, which engulfed most part of the state, the design parameters and calculations considered in the estimate, shall be reviewed prior to TS.
8. The SPV shall ensure that all statutory clearances and sufficient land are obtained before award of contract.
9. While entrusting the maintenance activities to the contractor, it shall be ensured that the obligation under defect liability shall be performed without any additional cost. Hence no maintenance expenditure is considered under the original work.
10. A Detailed Appraisal Report of KIIFB is appended for reference and it shall be taken into consideration by the TS Committee while according Technical Sanction to the Project.

**Dr. K. M. Abraham CFA**

To

**Chief Executive Officer**

The Secretary to Government, Water Resources Department
The Managing Director, Kerala Water Authority (KWA), Thiruvananthapuram
The Principal Secretary (Finance)
F&A Division, KIIFB
Inspection Authority, KIIFB
Stock File /Office Copy /Nodal Officer (www.kiifb.kerala.gov.in)

Forwarded / By Order

ASST. PROJECT MANAGER

അസിസ്റ്റന്റ് എഞ്ചിനീയർ